(സി) 17 ഉദ്യോഗസ്ഥന്മാരെ അന്വേഷണ വിധേയമായി സർവീസിൽ നിന്നും മാറ്റി നിർത്തിയിട്ടുണ്ട്.

(ഡി) ആരെയും തിരികെ പ്രവേശിപ്പിച്ചിട്ടില്ല.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

പുറമ്പോക്ക് ഭൂമി പതിച്ച് പട്ടയം നൽകുവാൻ നടപടി

84 (482) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിലെ കരകുളം ഐ.എച്ച്.ഡി.പി. കോളനിയിലെ പുറമ്പോക്ക് ഭൂമി പതിച്ച് പട്ടയം നൽകുവാൻ താലൂക്ക് ലാന്റ് അസസ്മെന്റ് കമ്മിറ്റി കരകുളം പഞ്ചായത്തിന് നിർദ്ദേശം നൽകിയത് എന്നാണ് ;

(ബി) ഈ നിർദ്ദേശം അനുസരിച്ച് പഞ്ചായത്ത് പ്രമേയം പാസ്സാക്കിയിട്ടുണ്ടോ ;

(സി) മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാരസെല്ലിലും താലൂക്കിലും ഇത് സംബന്ധിച്ച് പരാതി നൽകിയ എത്ര പേർക്ക് പട്ടയം പതിച്ച് നൽകിയിട്ടുണ്ട് ;

(ഡി) ശേഷിക്കുന്നവർക്കുകൂടി പട്ടയം പതിച്ചു നൽകുന്നതിന് ആവശ്യമായ പഞ്ചായത്ത് റസല്യൂഷൻ എടുക്കുന്നതിനുവേണ്ട നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) കരകുളം ചെക്കാലമുകൾ ഐ.എച്ച്.ഡി.പി. കോളനിയിൽ പുറമ്പോക്ക് ഭൂമി ഇല്ല. ലാന്റ് അസസ്മെന്റ് കമ്മിറ്റിയിൽ നിന്നും നിർദ്ദേശമൊന്നും പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഐ.എച്ച്.ഡി.പി. കോളനിയിൽ പുറമ്പോക്ക് ഭൂമി ഇല്ല. പഞ്ചായത്തിൽ പരാതികൾ ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

പ്ലാൻ ഇനത്തിൽ നൽകിയ തുക

85 (483) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഇനത്തിൽ ഇതുവരെയായി വിവിധ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും എത്ര തുക നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾക്കും കോർപ്പറേഷൻ മുനിസിപ്പാലിറ്റികൾക്കും വിതരണം ചെയ്ത സംഖ്യ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2000-2001 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഇനത്തിൽ ഇതുവരെ നൽകിയ തുക ഇനി പറയും പ്രകാരമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് പേര്	അനുവദിച്ച തുക (ലക്ഷത്തിൽ)
ഗ്രാമപഞ്ചായത്തുകൾ	29,869.058
ബ്ലോക്ക് പഞ്ചായത്തുകൾ	6,863.28272
ജില്ലാ പഞ്ചായത്തുകൾ	7,216.31998
നഗരസഭകൾ	6,456.51

(ബി) ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾക്കും കോർപ്പറേഷൻ മുനിസിപ്പാലിറ്റികൾക്കും വിതരണം ചെയ്ത സംഖ്യ താഴെ പറയും പ്രകാരമാണ്.

ഗ്രാമപഞ്ചായത്തുകൾ(31-1-2001 വരെ)	29,869.058 ലക്ഷം
ബ്ലോക്ക് പഞ്ചായത്തുകൾ	6,863.28272 "
ജില്ലാ പഞ്ചായത്തുകൾ	7,216.31998 "
മുനിസിപ്പാലിറ്റികൾ	4,283.03 "
മുനിസിപ്പൽ കോർപ്പറേഷനുകൾ	2,173.48 "

സംസ്ഥാനാടിസ്ഥാനത്തിൽ മാർക്കറ്റിംഗ് ഏജൻസി രൂപീകരിക്കാൻ നടപടി

86 (484) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി.ഡബ്ല്യൂ.സി.ആർ.എ. യൂണിറ്റുകളിലെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സർക്കാർ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുന്നുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഈ ആവശ്യത്തിനായി സംസ്ഥാനാടിസ്ഥാനത്തിൽ ഒരു മാർക്കറ്റിംഗ് ഏജൻസി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) സംയോജിത ഗ്രാമവികസന പരിപാടി (ഐ.ആർ.ഡി.പി.) ഗ്രാമീണ വനിതാ ശിശുവികസന പരിപാടി(ഡി.ഡബ്ല്യൂ.സി.ആർ.എ.) സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ) എന്നീ പദ്ധതികളുടെ ഗുണഭോക്താക്കൾ, ഗ്രാമീണ വനിതാ സമാജങ്ങൾ എന്നിവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഡി.ഡബ്ല്യൂ.സി.ആർ.എ. യൂണിറ്റിലെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് മാത്രമായി സംവിധാനങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly